പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3834 11.11.2019-ൽ മറുപടിക്ക്

<u>നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം</u>

<u>ചോദ്യം</u>

ശ്രീ. കെ.സി.ജോസഫ്

<u>മറുപടി</u>

കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥാനം എത്രയാണ്; കാലാകാലങ്ങളിൽ സംസ്ഥാനത്തെ ഭരണ കർത്താക്കൾ ആരോഗ്യ മേഖലയിൽ കൊണ്ടുവന്ന പരിഷ്ക്കാരങ്ങൾ ഈ നേട്ടത്തിന് കാരണമായിട്ടില്ലേ; വ്യക്തമാക്കാമോ; | (എ) | നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥാനം ഒന്നാമതാണ്. സംസ്ഥാനത്ത് കാലാകാലങ്ങളിൽ ആരോഗ്യ മേഖലയിൽ കൊണ്ടു വന്ന പരിഷ്ക്കാരങ്ങൾ ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്. |
| (ബി) | ലോകാരോഗ്യ സംഘടനയുടെ നിർവ്വചനത്തിൽ ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയുമാണ് എന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതി ആശാവഹമാണോയെന്ന് അറിയിക്കുമോ; | (ബി) | മാതൃശിശു മരണ നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് കുറവാണ്. കേരളത്തിലെ ജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും രോഗാതുര നിരക്ക് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി പ്രത്യേക പദ്ധതി വിപുലീകരിച്ച് നടപ്പാക്കി വരുന്നു. ജീവിതശൈലി രോഗത്തിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഭീതിജനകമാം വിധം വർദ്ധിക്കുന്നുവെന്നത് ജനങ്ങളുടെ മാനസികമായ പിന്നോക്കാവസ്ഥയെ അല്ലേ സൂചിപ്പിക്കുന്നത്; എങ്കിൽ ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിനും ലഹരി മുക്ത കുടുംബങ്ങൾ സൃഷ്ടിക്കുന്നതിനും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിലും എൻ.എച്ച്. എം ന്റെ സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നേതൃത്വത്തിലും പ്രതിരോധ പ്രവർത്തനങ്ങളും രോഗ ചികിത്സയും ഏകോപിപ്പിക്കുന്നുണ്ട് ഇത് കൂടാതെ ആർദ്രം പീപ്പിൾസ് കാമ്പയിനിന്റെ (ജനകീയ കാമ്പയിന്റെ) ഭാഗമായി ഏറ്റെടുത്തിട്ടുള്ള 5 പ്രധാന വിഭാഗങ്ങളിൽ ഒന്ന് പുകയില, മദ്യപാനം തുടങ്ങിയ ലഹരിയുടെ നിയന്ത്രണവും മാനസികാരോഗ്യവുമാണ്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിലുള്ള സമിതിയും ഇതിന്റെ ഉപ വിഭാഗങ്ങളായി സ്കൂൾതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ വലിയൊരു പ്രതിരോധ പ്രചരണ കാമ്പയിൻ രൂപം നൽകുകയാണ്. ഇത് കൂടാതെ എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി ലഹരി വിമോചന കേന്ദ്രങ്ങൾ നടത്തിപ്പിലും ആരോഗ്യ വകുപ്പ് ഇടപ്പെടുന്നുണ്ട്. ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലും 'വിമുക്തി' ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരേ സമയം പത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 272 മാനസികാരോഗ്യക്ലിനിക്കുകൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ